(4) കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

(5) ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(6) പൊതു വിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറി പൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

(7) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല പന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.

പൊതുവിതരണത്തിലെ ക്രമക്കേട്

270 (1355) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണത്തിന് നൽകുന്ന ഭക്ഷ്യ ധാന്യങ്ങൾ അവ വാങ്ങാത്ത ഉപഭോക്താക്കളുടെ പേരിൽ നൽകിയതായി കാണിച്ച് അവ മുഴുവനും മറിച്ചു വിൽക്കുന്നതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിൽപന നിയന്ത്രിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗോഡൗണുകളിൽ പ്രസ്തുത ഭക്ഷ്യ ധാന്യങ്ങൾ ശരിയായി പോളീഷ് ചെയ്യുകയും ബ്രാൻഡ് അരിയാക്കിയും ഗോതമ്പ് പൊടിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കിയും വൻ ലാഭം കൊയ്യുന്ന ഈ ക്രമക്കേടിന് ഉദ്യോഗസ്ഥർ നൽകുന്ന ഒത്താശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പല ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും ശ്രേണിയിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നുണ്ട്. റേഷൻകാർഡുകളും റേഷൻ കടകളിലെ റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായി പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പൊതുവിതരണ കമ്മീഷണറിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ താലൂക്ക് അടിസ്ഥാനത്തിലും സപ്ലൈ ഓഫീസർമാരും അതാത് മാസത്തെ വിതരണക്രമവും വിലയും മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. റേഷൻ കടകളിൽ വിലവിവരപട്ടികയും പ്രതിമാസ വിഹിതവും ഉപഭോക്താക്കൾ കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നു. കൂടാതെ റേഷൻ കടകളിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ സാമ്പിൾ കടയിൽ പ്രദർശിപ്പിക്കുന്നതിനായി ഉപഭോക്താക്കൾക്ക് അവ കണ്ട് ബോധ്യപ്പെടുകയും ചെയ്യാവുന്നതാണ്. പി.ഡി.എസ്. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കുവാൻ ഇത് സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇവ്വ. ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

അവശ്യസാധനങ്ങളുടെ വിലവർദ്ധനവ്

271 (1356) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly